## “വിദ്യാരംഭ മാർഗ്ഗനിർദ്ദേശ ക്യാമ്പും പ്രാർത്ഥനാദിനവും”

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ചുമതലയിൽ അടുത്ത അദ്ധ്യയന വർഷത്തിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠനം ആരംഭിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി 6–ാമത് ‘‘വിദ്യാരംഭ മാർഗ്ഗനിർദ്ദേശ ക്യാമ്പും പ്രാർത്ഥനാദിനവും’’ മെയ് 22–ന് ഞായറാഴ്ച റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 6.45 –ന് പ്രഭാതനമസ്കാരത്തെ തുടർന്ന് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അരമന ചാപ്പലിൽ വി.കുർബ്ബാന അർപ്പിക്കും. 9.30–ന് ഭദ്രാസന സണ്ടേസ്കൂൾ വൈസ് പ്രസിഡന്റ് റവ.ഫാ.തോമസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. റവ.ഫാ.ഷൈജു കുര്യൻ, ശ്രീ.മാത്യു കണമല, ശ്രീമതി റീന ജെയിംസ്, ശ്രീ.ഒ.എം.ഫിലിപ്പോസ്, ശ്രീ.ജോസ്.കെ.എബ്രഹാം തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.